# Meeting between External Affairs Minister and Vice President and Minister of Foreign Affairs of Colombia

October 02, 2021

---

## ഇന്ത്യൻ വിദേശകാര്യ മന്ത്രിയും കൊളമ്പിയ വിദേശകാര്യ വകുപ്പ് മേധാവികൂടിയായ ഉപപ്രധാന മന്ത്രിയും തമ്മിലുള്ള കൂടിക്കാഴ്ച

ഒക്ടോബർ 02, 2021

വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കർ കൊളംബിയൻ ഉപപ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ മാർട്ട ലൂസിയ റാമിറസുമായി ഒക്ടോബർ 2 ന് ഉഭയകക്ഷി ചർച്ച നടത്തി. 2021 ഒക്ടോബർ 1 മുതൽ 3 വരെ ഇന്ത്യയിലേക്കെത്തുന്ന 48 അംഗ ആരോഗ്യ ശാസ്ത്ര സാങ്കേതിക പ്രതിനിധി സംഘത്തെ റാമിറസാണ് നയിക്കുന്നത്. അവർക്കൊപ്പം ആരോഗ്യ, സാമൂഹിക സംരക്ഷണ മന്ത്രി ഡോ. ലൂയിസ് ഫെർണാനാണ്ടോ, ഭരണകൂടത്തിലെ മറ്റു ഉദ്യോഗസ്ഥർ, ആരോഗ്യ വ്യവസായ സ്ഥാപനങ്ങളിലെ മറ്റു പ്രതിനിധികൾ എന്നിവരും ചേരുന്നതാണ്.മുൻപ് ഐക്യരാഷ്ട്ര സഭ ജനറൽ അസ്സെംബ്ളിയുടെ 76 മത് സമ്മേളനത്തിലാണ് 2021 സെപ്റ്റംബർ 25 ന് വിദേശകാര്യ മന്ത്രി റാമിറസുമായി കൂടിക്കാഴ്ച നടത്തിയത്.

2. ആരോഗ്യം, ഫാർമസ്യൂട്ടിക്കൽസ്, ബയോടെക്നോളജി, ബഹിരാകാശം തുടങ്ങിയ മേഖലകൾ ഉൾക്കൊള്ളുന്ന രീതിയിൽ നേതാക്കൾ സമഗ്രമായ സംഭാഷണം നടത്തി. പരസ്പര താൽപ്പര്യമുള്ള പ്രാദേശികവും അന്തർദേശീയവുമായ വിഷയങ്ങളും കൂടിക്കാഴ്ചയിൽ ചർച്ച ചെയ്തു. ഐക്യരാഷ്ട്ര പരിഷ്കാരങ്ങളുമായി ബന്ധപ്പെട്ട് ഇന്ത്യയുടെ മുൻഗണനകൾ വിദേശ കാര്യമന്ത്രി അടിവരയിട്ടു പ്രഖ്യാപിച്ചു. ബഹുരാഷ്ട്ര വേദികളിൽ സഹകരണം ശക്തിപ്പെടുത്താൻ നേതാക്കൾ സമ്മതിച്ചു.

3. 2020-21 ൽ, കോവിഡ് -19 പകർച്ചവ്യാധികൾ മൂലമുണ്ടായ തടസ്സങ്ങൾക്കിടയിലും ഇന്ത്യയും കൊളംബിയയും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരത്തിൽ ഉണ്ടായ വളർച്ച സ്ഥിരമായ 2.27 ബില്യൺ ഡോളറായിരുന്നു, ഊർജ്ജം, ഐടി, ഫാർമസ്യൂട്ടിക്കൽസ്, ഓട്ടോമൊബൈൽ മേഖലകളിലെ വ്യാപാരവും നിക്ഷേപവും കൂടുതൽ പ്രോത്സാഹിപ്പിക്കാൻ ഒരുമിച്ച് പ്രവർത്തിക്കാൻ ഇരുപക്ഷവും സമ്മതിച്ചു.

4. ബയോടെക്നോളജി, മെഡിക്കൽ റിസർച്ച് എന്നീ മേഖലകളിൽ സഹകരിക്കുന്നതിന് രണ്ട് ഉദ്ദേശപത്രങ്ങൾ ഒപ്പിടുന്നതിന് ഇരു നേതാക്കളും സാക്ഷ്യം വഹിച്ചു. ബയോടെക്നോളജി വകുപ്പാണ് ഇവയിൽ ഒപ്പുവയ്ച്ചത്.

5. ഉപപ്രധാനമന്ത്രി റാമിറസിന്റെ വരവിനു മുമ്പ്, ആരോഗ്യ, സാമൂഹിക സംരക്ഷണ മന്ത്രി ഡോ.ലൂയിസ് ഫെർണാണ്ടോ നയിച്ച പ്രതിനിധി സംഘം സെപ്റ്റംബർ 27 മുതൽ 30 തിയ്യതികൾ പുണെ , ഹൈദരാബാദ് കൂടാതെ ബെംഗളൂരു എന്നിവിടങ്ങളിലേക്ക് യാത്ര ചെയ്തിരുന്നു. വാക്സിനുകളുടെയും ഫാർമസ്യൂട്ടിക്കൽ ഉൽപന്നങ്ങളുടെയും വികസനത്തിൽ സഹ-ഉൽപാദനവും സാങ്കേതിക കൈമാറ്റങ്ങളും പര്യവേക്ഷണം ചെയ്യുക എന്ന ലക്ഷ്യത്തോടെ അവർ ഈ നഗരങ്ങളിലെ മികച്ച കേന്ദ്രങ്ങളും ഫാർമസ്യൂട്ടിക്കൽ കമ്പനികളും സന്ദർശിച്ചു.അവർ ISRO സൗകര്യങ്ങൾ സന്ദർശിക്കുകയും ന്യൂ സ്പേസ് ഇന്ത്യ ലിമിറ്റഡ് (NSIL), ഹ്യൂമൻ സ്പേസ് ഫ്ലൈറ്റ് സെന്റർ (HSFC) എന്നിവയുടെ പ്രതിനിധികളെ കാണുകയും ചെയ്തു.

6. കൂടിക്കാഴ്ചയിൽ, ഇരുവിഭാഗവും ഉയർന്ന തലത്തിലുള്ള ഇടപെടലുകളുടെ സമീപകാല ആവേഗത്തെ സ്വാഗതം ചെയ്യുകയും പരസ്പര പ്രയോജനത്തിനായി തിരിച്ചറിഞ്ഞ മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കുന്നതിനു അനുകൂലിക്കുകയും ചെയ്തു.

ന്യൂ ഡെൽഹി

ഒക്ടോബർ 02, 2021

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.